**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3977** **27-10-2021 - ൽ മറുപടിയ്ക്ക്**

**പാചക വാതക വിലവർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ ജി സ്റ്റീഫൻ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഗാർഹിക പാചക വാതകത്തിനും വാണിജ്യാവശ്യത്തിനുള്ള പാചക വാതകത്തിനും ഈ വർഷം ജനുവരി ഒന്ന് മുതൽ ഉണ്ടായ ആകെ വിലവർദ്ധനവ് എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | 2021 ജനുവരി മുതൽ ഒക്ടോബർ 6 വരെ കാലയളവിൽ ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന്റെ വിലയിൽ 205.50/- രൂപയുടെയും വാണിജ്യാവശ്യത്തിനുള്ള പാചകവാതകത്തിന്റെ വിലയിൽ 388.50/- രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | ഗാർഹിക പാചകവാതകത്തിന് ലഭിച്ചിരുന്ന സബ്സിഡി 2021 ജനുവരി മുതൽ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ 2020 മെയ് മുതൽ ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന് സബ്സിഡി നല്കുന്നില്ല. പ്രസ്തുത തീരുമാനം പുന:പരിശോധിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | വാണിജ്യാവശ്യത്തിനുള്ള പാചക വാതക വിലവർദ്ധനയെ തുടർന്ന് ഹോട്ടലുകൾ ഭക്ഷണത്തിന് ഗണ്യമായ തോതിൽ വില വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് ഡീസലിന്റെയും പെട്രോളിന്റെയും പാചക വാതകത്തിന്റെയും നിരന്തര വില വർദ്ധനവ് മൂലം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ഇന്ധന വില വർദ്ധനവിനെ തുടർന്ന് കോവിഡ് കാലഘട്ടത്തിൽ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഹോട്ടലുകളുടെ നിലവാരമനുസരിച്ച് ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം ഹോട്ടലുടമകൾക്ക് ആയതിനാലും വില നിശ്ചയിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാലും ഹോട്ടൽ ഭക്ഷണത്തിന്റെ വില നിശ്ചയിക്കാൻ സർക്കാരിന് അധികാരമില്ല. എന്നാൽ ഹോട്ടലുകൾ ഭക്ഷണവില പ്രദർശിപ്പിക്കുന്നുണ്ടെന്നും അതിൽ കൂടുതൽ ഈടാക്കുന്നില്ലെന്നും ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉറപ്പ് വരുത്തുന്നുണ്ട്. പ്രസ്തുത സ്ഥിതിവിശേഷം മനസ്സിലാക്കിക്കൊണ്ടാണ് 20 രൂപ |

| | | | |
|---|---|---|---|
| | | | നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാകുന്ന സർക്കാർ നിയന്ത്രണത്തിലുള്ള ഭക്ഷണശാലകൾ വ്യാപകമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ